വ്യവസായ പാർക്കുകൾ

121 [1295] *ശ്രീ. കെ. ബി. ഗണേഷ് കുമാർ:*
„ *ടി. എം. ജേക്കബ്:*
„ *ആർ. ബാലകൃഷ്ണപിള്ള:*
„ *ജോണി നെല്ലൂർ:*
„ *ഷിബു ബേബി ജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ ഇതുവരെ സംസ്ഥാനത്ത് എത്ര വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്; ഏതെല്ലാം;

(ബി) ഈ വ്യവസായ പാർക്കുകളിൽ എല്ലാം കൂടി എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു; ഇതു മുഖേന എത്ര പേർക്ക് തൊഴിൽ ലഭിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001 മുതൽ ഇതുവരെ താഴെപറയുന്ന 3 വ്യവസായ പാർക്കുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു:

(1) കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി, തൃശ്ശൂർ.

(2) കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കൽപ്പറ്റ, വയനാട്.

(3) APES പദ്ധതി പ്രകാരമുള്ള അപ്പാരൽ പാർക്ക്, തിരുവനന്തപുരം.

ഇതുകൂടാതെ താഴെപറയുന്ന 4 പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്.

(1) കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, അടൂർ.

(2) കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി.

(3) കിൻഫ്ര ബയോടെക്നോളജി പാർക്ക്, കളമശ്ശേരി.

(4) കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ, കണ്ണൂർ.

(ബി) 2001 മുതൽ ആരംഭിച്ച മുകളിൽ പറഞ്ഞ പദ്ധതികളിൽ ചെറുകിട വ്യവസായ പാർക്ക്, കൊരട്ടിയിൽ മാത്രമാണ് വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത്. ഈ പാർക്കിൽ ആരംഭിച്ചിട്ടുള്ള 4 വ്യവസായ യൂണിറ്റുകളിലുമായി ഏകദേശം 35 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. കിൻഫ്രയുടെ വയനാടും തൃശ്ശൂരും തിരുവനന്തപുരത്തുമുള്ള പാർക്കുകളിലെ വിവിധ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു കഴിയുമ്പോൾ ഏകദേശം 2750 പേർക്ക് ജോലി ലഭിക്കുമെന്ന് കണക്കാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly